**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2443** **07-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. പെൻഷൻ സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. യിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പുതിയ പെൻഷൻ സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ പെൻഷൻ വാങ്ങുന്നവരെയും ഈ സ്കീമിൽ ഉൾപ്പെടുത്തുമോ; വിരമിച്ചവരിൽ ഭൂരിഭാഗത്തിനും നിലവിൽ തുച്ഛമായ പെൻഷൻ മാത്രമേ ലഭിക്കുന്നുള്ളുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2023 ഏപ്രിൽ മുതൽ വിരമിക്കുന്ന ജീവനക്കാർക്ക് വേണ്ടി “KSFE Employees Superannuation Benefit Scheme” എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിന് കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും ആയത് സർക്കാർ പരിശോധിച്ച് വരികയുമാണ്.<br><br>2023 ഏപ്രിലിന് മുൻപ് വിരമിച്ച/വിരമിക്കുന്ന ജീവനക്കാരെ ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിട്ടില്ല.<br><br>വിരമിച്ചവരിൽ ഭൂരിഭാഗത്തിനും നിലവിൽ തുച്ഛമായ പെൻഷൻ മാത്രമേ EPS-95 പദ്ധതി പ്രകാരം ലഭിക്കുന്നുള്ളുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വ്യത്യസ്ത തസ്തികകളിൽനിന്ന് വിരമിച്ചവർക്ക് ലഭിക്കുന്ന പെൻഷനിൽ ഭീമമായ അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നപടികളാണ് സ്വീകരിച്ചിരിച്ചിട്ടുള്ളത് ? | (ബി) | EPS-95 പദ്ധതി പ്രകാരമുള്ള പെൻഷൻ ആണ് വിരമിച്ച ജീവനക്കാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം പെൻഷൻ നിശ്ചയിക്കുന്നത് ഇ.പി.എഫ്.ഒ ആണ്. |

സെക്ഷൻ ഓഫീസർ